**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5845** **25-03-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | **നിലവിലെ പദ്ധതി 30-06-2025 -ന് അവസാനിക്കാനിരിക്കെ പദ്ധതി തുടരുന്നതിന്റെ ഭാഗമായി നിലവിലെ പാക്കേജുകൾ പരിഷ്കരിക്കുന്നതിനും, പുതിയ പാക്കേജുകൾ ഉൾപ്പെടുത്തി പദ്ധതി ഗുണഭോക്താക്കൾക്ക് കൂടുതൽ കാര്യക്ഷമമാക്കുന്ന രീതിയിൽ നടപ്പിലാക്കാൻ 22-02-2025 -ലെ സ.ഉ.(സാധാ) നം.1687/2025/ധന പ്രകാരം ഒരു 8 അംഗ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും, പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ അടുത്തഘട്ട പ്രവർത്തനങ്ങൾ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും.** |
| (ബി) | കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയും മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കണ്ണൂർ ജില്ലയിൽ 35 സ്വകാര്യ ആശുപത്രികളെയാണ് നിലവിൽ മെഡിസെപ്പിൽ എംപാനൽ ചെയ്തിട്ടുള്ളത്. ധാരണാപത്രം പ്രകാരം മെഡിസെപ് പദ്ധതിയിൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. ആശുപത്രി എംപാനൽമെന്റ് ഒരു തുടർ പ്രവർത്തനമായതിനാൽ എംപാനൽമെന്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി പദ്ധതിയിൽ ചേരാൻ താൽപര്യമറിയിക്കുന്നതുമായ ആശുപത്രികളെ പദ്ധതിയിൽ എപ്പോൾ വേണമെങ്കിലും ഉൾപ്പെടുത്താവുന്ന തരത്തിലാണ് ധാരണാപത്രത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എംപാനൽ ചെയ്യുന്ന ആശുപത്രികളുടെ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. |
| (സി) | ആശുപത്രികളിൽ കിടത്തി ചികിത്സ നടത്തി വിവിധ പരിശോധനകൾക്കു ശേഷം കാര്യമായ അസുഖമൊന്നും ഇല്ലെന്ന് കണ്ടെത്തിയാൽ ഇൻഷ്വറൻസ് കമ്പനി തുക കൊടുക്കാൻ തയ്യാറാകാത്തതു പരിഹരിക്കാൻ | (സി) | രോഗനിർണ്ണയം നടത്തി കിടത്തി ചികിത്സ നിർദ്ദേശിച്ചതിനെ തുടർന്ന് മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സാ പാക്കേജിൽ നിന്നും ഉചിതമായ പാക്കേജ് ആശുപത്രി തെരഞ്ഞെടുത്ത് ഇൻഷ്വറൻസ് പോർട്ടലിൽ 'upload' ചെയ്യുകയും ഇൻഷ്വറൻസ് കമ്പനി ചുമതലപ്പെടുത്തിയിരിക്കുന്ന |

| | | | |
|---|---|---|---|
| | സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | | TPA -കൾ ആയത് പരിശോധിച്ച് പ്രാഥമിക അംഗീകാരം നൽകുകയും ചെയ്യുന്നു. Final claim അംഗീകാര സമയം ആശുപത്രിയിൽ നിന്നും സമർപ്പിക്കുന്ന ചികിത്സാ രേഖകൾ, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് (lab report, X-ray, scanning etc ) തുടങ്ങിയവ TPA- കൾ ICD Code മായി യോജിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വിലയിരുത്തിയ ശേഷമാണ് ക്ലെയിമിന്റെ 'payability' നിശ്ചയിക്കുന്നത്. എന്നാൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകളിൽ (lab report, X-ray, scanning etc) നോർമൽ ആയിരിക്കുകയും ICP Chart, Drug Chart, എന്നിവയിൽ നിന്നും കിടത്തി ചികിത്സ ആവശ്യമല്ലായെന്ന് ഉറപ്പാക്കുകയും ചെയ്യുന്ന ക്ലെയിമുകളാണ് കമ്പനി നിരസിക്കുന്നത്. എന്നാൽ അർഹമായ ഏതെങ്കിലും ക്ലെയിമുകൾ നിരസിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആയത് പുന:പരിശോധിച്ച് അംഗീകാരം നൽകുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകാറുണ്ട്. 24 മണിക്കൂർ ആശുപത്രിയിൽ അഡ്മിറ്റായി ചെയ്യുന്ന ചികിത്സയ്ക്കും Day care procedures ആയ കീമോ തെറാപ്പി, തിമിര ശസ്ത്രക്രിയ, ഡയാലിസിസ് എന്നിവയ്ക്കുമാണ് മെഡിസെപ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നത്. എന്നാൽ ആശുപത്രിയിൽ രോഗനിർണ്ണയത്തിനായി നടത്തുന്ന ടെസ്റ്റുകൾ, ഒ.പി. ചികിത്സ എന്നിവയുടെ ചികിത്സാ ചെലവുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതല്ല. |

സെക്ഷൻ ഓഫീസർ